ഹെയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ട
റുടെ കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം.

EX. IX/ 019219/HSE/2017 തിയതി : 09/08/2017

# സർക്കുലർ

വിഷയം;- ഹ.സെ.വി.വ. - രണ്ടാം വർഷ ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ ടെർമിനൽ പരീക്ഷ ചോദ്യപേപ്പർ സൂക്ഷിപ്പും വിതരണവും - സംബന്ധിച്ച്

2017 ആഗസ്റ്റ് 21 ന് ആരംഭിക്കുന്ന രണ്ടാം വർഷ വിദ്യാർത്ഥികളുടെ ഒന്നാം പാദവാർഷിക പരീക്ഷയുടെ ചോദ്യപേപ്പർ സൂക്ഷിപ്പും വിതരണവും സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ജില്ലാ കോർഡിനേറ്റർമാരും ബന്ധപ്പെട്ട സ്കൂളിലെ പ്രിൻസിപ്പൽമാരും കർശനമായി പാലിക്കേണ്ടതാണ്.

1) അച്ചടി പൂർത്തിയാക്കി ചോദ്യപേപ്പർ ആഗസ്റ്റ് 10, 11 തീയതികളിലായി വിദ്യാഭ്യാസ ജില്ലകളിലെ നിർദ്ദിഷ്ട സ്കൂളുകളിൽ എത്തിക്കുന്നതാണ്. ടി സ്കൂളുകളിലെ പ്രിൻസിപ്പൽമാർ അന്നേദിവസം ചോദ്യപേപ്പർ സ്വീകരിച്ച് സ്ട്രോങ്ങ് റൂമിൽ സീൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
2) അതാത് ജില്ലാ കോർഡിനേറ്റർമാർ ചോദ്യപേപ്പർ സൂക്ഷിക്കുന്ന സ്കൂളുകൾ സന്ദർശിച്ച് സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പടെയുള്ള കാര്യങ്ങൾ പ്രിൻസിപ്പൽ ചെയ്തിട്ടുണ്ടെന്നും ആവശ്യാനുസരണമുള്ള ചോദ്യപേപ്പറുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
3) സ്കൂളുകളിൽ ചോദ്യപേപ്പർ വിതരണം ചെയ്യുന്നത് ആഗസ്റ്റ് 16-ാം തീയതിയാണ്. അന്നേ ദിവസം ചോദ്യപേപ്പർ ലഭിക്കുന്ന സമയം വരെ പ്രിൻസിപ്പൽമാർ സ്കൂളുകളിൽ ഉണ്ടായിരിക്കേണ്ടതാണ്. മറ്റ് പൊതുപരീക്ഷകളിൽ സ്വീകരിക്കുന്ന അതേ സുരക്ഷാ ക്രമീകരണങ്ങൾ ചോദ്യപേപ്പർ സൂക്ഷിക്കുന്നതിന് പാലിക്കേണ്ടതാണ്.
4) ചോദ്യപേപ്പർ സൂക്ഷിപ്പ്, വിതരണം, പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച സംശയ നിവാരണത്തിനായി അതാത് ജില്ലാ കോർഡിനേറ്ററെ ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ
(പരീക്ഷാ വിഭാഗം)